# മുന്നേറ്റത്തിന്റെ മൂന്നാം ശക്തി

## പ്രചാരണ പദ്ധതി സംക്ഷിപ്ത രൂപരേഖ

## ആമുഖ രേഖ

കേരളീയ സമൂഹത്തിന്റെ ഏറ്റവും വലിയ മേന്മയും ശക്തിയുമായി പരിഗണിക്കപ്പെടുന്നത് രാഷ്ട്രീയ പ്രബുദ്ധതയാണ്. അതേസമയം, ഈ രാഷ്ട്രീയ പ്രബുദ്ധതയ്ക്കപ്പുറം തിരഞ്ഞെടുപ്പുകളെ സ്വാധീനിക്കുന്ന ജാതീയവും സാമുദായികവുമായ ബാഹ്യ ഘടകങ്ങൾ ഒട്ടേറെയുണ്ട്.

ഓരോ തിരഞ്ഞെടുപ്പിനും ശേഷം മാറിമാറി ഇടതോ വലതോ മുന്നണികൾ അധികാരത്തിലെത്തിയാലും അഴിമതി, ധൂർത്ത്, അധികാര ദുർവിനിയോഗം, പിന്നോക്കക്കാരോടുള്ള അവഗണന, സ്ത്രീകൾക്കു നേരെയുള്ളവ ഉൾപ്പെടെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ, നീതിനിഷേധം, തൊഴിൽരഹിതരായ ചെറുപ്പക്കാരുടെ പെരുപ്പം തുടങ്ങി സാധാരണജനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ഒരു മാറ്റവുമില്ലാതെ തുടരുകയും ചെയ്യുന്നു.

## ബദൽ തേടുന്ന ശൂന്യത

സങ്കുചിത താല്പര്യങ്ങളിൽ നിന്ന് മുക്തമായതും സ്വതന്ത്രമായ വികസനോന്മുഖ വീക്ഷണത്തിൽ അധിഷ്ഠിതവുമായ ഒരു രാഷ്ട്രീയ നേതൃത്വത്തിന്റെ അഭാവം സൃഷ്ടിച്ച ശൂന്യതയിലാണ് കേരളം. അതേസമയം, തദ്ദേശ തിരഞ്ഞെടുപ്പും നിയമസഭാ തിരഞ്ഞെടുപ്പും വരാനിരിക്കെ ഇടതു മുന്നണി, ഐക്യ മുന്നണി എന്നീ രണ്ട് സാദ്ധ്യതകൾ മാത്രമെ ഇപ്പോഴും കേരള രാഷ്ട്രീയത്തിലുള്ളൂ. ഇവ രണ്ടും തമ്മിലുണ്ടെന്നു പറയപ്പെടുന്ന ആശയപരമായ വ്യതിയാനം പ്രയോഗതലത്തിൽ ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്നുമില്ല.

നിലവിലെ രാഷ്ട്രീയ സാഹചര്യം വിലയിരുത്തുമ്പോൾ അതീവഗുരുതമായ അഴിമതി ആരോപണങ്ങളിൽ നിലനില്പിനു പോലും കച്ചിത്തുരുമ്പ് തേടുന്ന ഗതികേടിലാണ് ഇടതു മുന്നണി. കൺസൾട്ടൻസി ഇടപാടുകൾ മുതൽ സ്വർണക്കടത്തു കേസ് വരെ ഇടതു സർക്കാരിനെയും സി.പി.എമ്മിനെയും പ്രതിരോധത്തിലാക്കുന്ന വിഷയങ്ങൾ നിരവധി. മുന്നണിക്കുള്ളിൽത്തന്നെ നിർണായക വിഷയങ്ങളിലുള്ള അഭിപ്രായ ഭിന്നത ഭരണത്തിന്റെ കെട്ടുറപ്പിനെത്തന്നെ ബാധിക്കുന്നു.

## പരാജയപ്പെട്ട ഭരണമുന്നണി

കൊവിഡ് നിയന്ത്രണത്തിൽ സംഭവിച്ച പാളിച്ച സാധാരണക്കാർ പോലും ചർച്ച ചെയ്യുന്നു. ശക്തമായ രാഷ്ട്രീയ നേതൃത്വത്തിനു പകരം സംസ്ഥാനത്ത് ഭരണം നിയന്ത്രിക്കുന്നത് ഉദ്യോഗസ്ഥ നേതൃത്വമാണെന്ന് പരക്കെ ആക്ഷേപമുയരുന്നു. മുഖ്യമന്ത്രിയുടെ ഓഫീസ് പോലും പൊതുസമൂഹത്തിനു മുന്നിൽ സംശയത്തിന്റെ കരിനിഴലിലായിരിക്കുന്നു.

സുപ്രധാന നിയമനങ്ങളും തീരുമാനങ്ങളും പോലും മുഖ്യമന്ത്രി അറിയാതെ നടക്കുന്നുവെന്ന വാർത്തകൾ പുറത്തുവരുന്നു. ഏതു സർക്കാരും അഭിമുഖീകരിക്കേണ്ടിവരുന്ന ഭരണവിരുദ്ധ വികാരമെന്ന സ്വാഭാവിക പ്രതിഭാസത്തിനു പുറമെയാണ് കേരളത്തിൽ സി.പി.എമ്മും എൽ.ഡി.എഫും നേരിടുന്ന പ്രതിസന്ധികൾ.

## പ്രതീക്ഷ നൽകാത്ത പ്രതിപക്ഷം

ഏതു സർക്കാരിനും നേരെ തുറന്നിരിക്കേണ്ടവയാണ് പ്രതിപക്ഷത്തിന്റെ ജാഗ്രത. എന്തും കണ്ണു തുറന്നു കണ്ടാൽ പോരാ, ശക്തമായ തിരുത്തൽ ശക്തിയായി മാറേണ്ട ജനാധിപത്യപരമായ ഉത്തരവാദിത്വവും പ്രതിപക്ഷത്തിനു മേലുണ്ട്. കേരളത്തിലാകട്ടെ, ഇടതു സർക്കാരും സി.പി.എമ്മും ചരിത്രത്തിലെ ഏറ്റവും ഗുരുതരമായ ആരോപണങ്ങൾ നേരിടുമ്പോഴും, അതിനെതിരെ ജനപക്ഷത്തു നിന്നുള്ള പോരാട്ടങ്ങൾക്കു നേതൃത്വം നൽകുന്നതിൽ യു.ഡി.എഫ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. പ്രതിപക്ഷ നേതൃസ്ഥാനത്ത് രമേശ് ചെന്നിത്തല സമ്പൂർണ പരാജയമെന്ന് കോൺഗ്രസിലെ തന്നെ ഭൂരിപക്ഷം രഹസ്യമായി സമ്മതിക്കുന്നു.

ദേശീയതലത്തിൽ നേതൃത്വ പ്രതിസന്ധി നേരിടുന്ന കോൺഗ്രസിന് സംസ്ഥാന തലത്തിൽ ദിശാബോധത്തോടെ പ്രവർത്തിക്കാനാകാത്തത് സ്വാഭാവികം. ഗ്രൂപ്പുകൾക്ക് സംഘടനാസ്ഥാനങ്ങൾ ഉറപ്പിക്കുന്നതിലും, പാർട്ടിയിൽ ഗ്രൂപ്പ് അധിഷ്ഠിത മേൽക്കൈ നേടുന്നതിലുമൊതുങ്ങുകയാണ്, കേരളത്തിലെ കോൺഗ്രസ് രാഷ്ട്രീയം. നിലവിലെ രാഷ്ട്രീയ സാഹചര്യത്തിൽ തിരഞ്ഞെടുപ്പിലേക്ക് അടുക്കുന്ന കേരളത്തിന് പ്രതീക്ഷയോടെ ഉറ്റു നോക്കാവുന്നതല്ല യു.ഡി.എഫ് എന്ന് ജനങ്ങൾ തിരിച്ചറിഞ്ഞുകഴിഞ്ഞു.

## ബി.ജെ.പിയുടെ നനഞ്ഞ പടക്കം

സമാനഫലം നൽകുന്ന ഇടത് വലത് മുന്നണികൾക്കെതിരെ ഉയർന്നുവരുമെന്ന് കരുതപ്പെട്ടിരുന്ന, ബി.ജെ.പി നേതൃത്വം നൽകുന്ന ദേശീയ ജനാധിപത്യ മുന്നണിക്കാകട്ടെ കേരളത്തിൽ ഇതുവരെ കാര്യമായ ചലനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. ചെറുപ്പക്കാരനായ കെ. സുരേന്ദ്രൻ സംസ്ഥാന ബി.ജെ.പിയുടെ അദ്ധ്യക്ഷ സ്ഥാനത്തേക്ക് എത്തിയപ്പോൾ ചടുലമായ രാഷ്ട്രീയ നീക്കങ്ങൾ പ്രതീക്ഷിച്ചിരുന്നവർ പിന്നീട് നിരാശരായി. നനഞ്ഞ പടക്കം പോലെ ഏശാതെ പോയ സുരേന്ദ്രൻ ഫാക്ടറിന് ഇനിയൊരു ക്രിയാത്മകകാലം ആരും പ്രതീക്ഷിക്കുന്നതുമില്ല.

സാധാരണ ജനങ്ങളുടെ അഭിലാഷവും പ്രതീക്ഷയും നിറവേറ്റുന്നതിൽ ഇടതു വലതു മുന്നണികൾ ഒരുപോലെ പരാജയമെന്ന് തെളിയുകയും, സംസ്ഥാന തലത്തിൽ ബി.ജെ.പിക്ക് വരുന്ന തിരഞ്ഞെടുപ്പിലും കാര്യമായ മുന്നേറ്റം കണക്കുകൂട്ടാവുന്ന സാഹചര്യം ഇല്ലാതിരിക്കുകയും ചെയ്യവെ ഇനിയെന്ത് എന്ന വലിയ ചോദ്യം കേരളീയ സമൂഹം അഭിമുഖീകരിക്കുന്ന നിർണായക ഘട്ടമാണിത്. അഴിമതിമുക്തവും വികസനോന്മുഖവും എല്ലാവർക്കും തുല്യനീതി ഉറപ്പു നൽകുന്നതുമായ, ഇച്ഛാശക്തിയും നിശ്ചയദാർഢ്യവുമുള്ള രാഷ്ട്രീയ നേതൃത്വത്തിനായുള്ള അഭിവാഞ്ഛ പൊതുസമൂഹത്തിൽ രൂപപ്പെട്ടുവരികയാണ്.

## കെജ്രിവാൾ എന്ന ഡൽഹി മാതൃക

ന്യൂഡൽഹിയിൽ ആം ആദ്മി പാർട്ടിയുടെ നേതൃത്വത്തിൽ അരവിന്ദ് കെജ്രിവാൾ എന്ന ഒറ്റയാൻ നടത്തിയ പോരാട്ടത്തിന്റെ ഫലം മുന്നിലുണ്ട്. അഴിമതിയെ തൂത്തെറിയാൻ ചൂലിനെ ആയുധമാക്കിയ ആം ആദ്മിയും കെജ്രിവാളും ദേശീയ രാഷ്ട്രീയത്തിൽ മുഖ്യധാരാ കക്ഷികൾക്കു മേൽ ഏല്പിച്ച ആഘാതം ചെറുതായിരുന്നില്ല. മാറ്റത്തിനായുള്ള പോരാട്ടത്തിന് നേതൃത്വം നൽകാനും മാറ്റം സൃഷ്ടിക്കാനും മുഖ്യധാരാ കക്ഷികൾ ആവശ്യമില്ലെന്ന തിരിച്ചറിവാണ് ന്യൂഡൽഹി രാജ്യത്തിനു നൽകിയത്.

അരവിന്ദ് കെജ്രിവാൾ നേടിയ വിജയത്തിന്റെ അടിസ്ഥാന ഘടകങ്ങൾ സങ്കീർണമല്ല. അതിനെ വേർതിരിച്ചെടുത്താൽ

**1) ജനമനസ്സിലെ രാഷ്ട്രീയേച്ഛ തിരിച്ചറിയൽ**

**2) രാഷ്ട്രീയ സാഹചര്യം വിലയിരുത്തൽ**

**3) ഇവ രണ്ടും പ്രയോജനപ്പെടുത്താൻ പാകത്തിന് സംഘടനയെ ശക്തിപ്പെടുത്തൽ**

**4) കൃത്യസമയത്ത് പ്രവർത്തിക്കൽ**

എന്നിങ്ങനെ നാലു ഘടകങ്ങൾ തിരിച്ചറിയാനാകും. അത്തരമൊന്ന്  പരീക്ഷിച്ചു വിജയിപ്പിക്കാവുന്ന എല്ലാ സാഹചര്യവും കേരളത്തിലുണ്ട്.

## ആരുമായെല്ലാം സഹകരിക്കാം?

മേൽപ്പറഞ്ഞ വിധത്തിലുള്ള ഒരു പോരാട്ടത്തിന് രൂപരേഖ തയ്യാറാക്കുമ്പോഴത്തെ ഏറ്റവും പ്രധാന ചോദ്യമാണ് ഇത്. വോട്ടർമാരിൽ ഭൂരിപക്ഷവും പിന്നോക്ക അധസ്ഥിത വിഭാഗങ്ങളും, ഭരണവർഗത്തിൽ അധികവും മുന്നോക്ക വിഭാഗക്കാരുമെന്ന വിചിത്രമായ രാഷ്ട്രീയ

സ്ഥിതിയാണ് കേരളം എക്കാലവും കണ്ടിട്ടുള്ളത്. വോട്ടർമാരായ ബഹുഭൂരിപക്ഷത്തിന്റെ സർക്കാരല്ല ഭരണത്തിലേറുന്നതെന്ന് ചുരുക്കം. ഇടതു വലതു മുന്നണികൾ രാഷ്ട്രീയത്തിൽ പൊതിഞ്ഞ് സമർത്ഥമായി മറച്ചുപിടിച്ചിരുന്ന ഈ യാഥാർത്ഥ്യം ഇപ്പോൾ വ്യാപകമായി തിരിച്ചറിയപ്പെടുന്നുണ്ട് എന്നത് ഒരു അനുകൂല സാഹചര്യമാണ്.

ഭൂരിപക്ഷ സമുദായമായ ഹിന്ദുക്കളിലാണ് ഏറ്റവും അധികം അവഗണന നേരിടുന്ന പിന്നോക്ക സമുദായങ്ങളുമുള്ളത്. ന്യൂനപക്ഷമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ക്രൈസ്തവ, മുസ്ളിം വിഭാഗ ങ്ങളുടെയും ഉപസമുദായങ്ങൾ സ്വസമുദായങ്ങളിൽ ഇതേ അവഗണന നേരിടുന്നുണ്ട്. ഇത്തരത്തിൽ, സാമുദായികവും രാഷ്ട്രീയവുമായി വഞ്ചനകൾക്ക് നിരന്തരം ഇരകളാക്ക പ്പെടുന്നവരുടെ കൂട്ടായ്മയെ രാഷ്ട്രീയമായി ഏകോപിപ്പിക്കാൻ കഴിഞ്ഞാൽ അത് വരാനി രിക്കുന്ന തിരഞ്ഞെടുപ്പുകളിൽ സൃഷ്ടിക്കുന്നത് വലിയ മാറ്റമാകും.

ക്രൈസ്തവ സമുദായം സഭാനേതൃത്വത്തിന്റെ ശാസനകൾക്കപ്പുറത്ത് കുറേക്കൂടി സ്വതന്ത്ര മായി ചിന്തിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ചർച്ച് ആക്ട് നടപ്പാക്കുന്നത് ഉൾപ്പെടെ നിർണായക വിഷയങ്ങളിൽ ശക്തമായ നിലപാടുള്ള ക്രൈസ്തവ സമൂഹം വിവിധ സഭാ വിഭാഗങ്ങളിലുണ്ട്. പള്ളികളുടെ ഭരണാധികാരം ഓർത്തഡോക്സ് വിഭാഗത്തിനു കൈവന്ന സാഹചര്യത്തിൽ യാക്കോബായ വിഭാഗത്തിനുള്ളിലെ അതൃപ്തിയും അരക്ഷിതാവസ്ഥയും പ്രതിഷേധവും അതിരൂക്ഷമാണ്. ഇരു മുന്നണികളിലും പ്രതീക്ഷ നഷ്ടപ്പെട്ട ഇവർ ഉൾപ്പെടെ വിവിധ വിഷയ ങ്ങളിൽ അതൃപ്തരായ വിഭാഗങ്ങളെ രാഷ്ട്രീയമായി സംഘടിപ്പിക്കാനായാൽ, അത് കേരള ത്തിന്റെ തിരഞ്ഞെടുപ്പു രാഷ്ട്രീയ ചരിത്രത്തിൽത്തന്നെ പ്രകടമായ മാറ്റം രചിക്കുന്നതായിത്തീരും.